# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് – www.bcdd.kerala.gov.in

**BCDIR/409/2020-A1** തീയതി :22.09.2020

ഭരണഭാഷ – മാതൃഭാഷ

## വിജ്ഞാപനം

വിഷയം:- പിന്നാക്ക വിഭാഗ വികസനം - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (2020-21) മത്സര പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു.

സൂചന :- 1) സ.ഉ.(സാധാ) 70/2013/പി.സ.വി.വ. തീയതി : 16.08.2013

2) സ.ഉ.(സാധാ) 116/2017/പി.വി.വി.വ. തീയതി : 30.10.2017

3) സ.ഉ.(സാധാ) 06/2020/പി.വി.വി.വ. തീയതി : 15.05.2020

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ് സർവ്വീസ്, GATE/MAT, UGC/NET/JRF തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് അംഗീകൃതവും, പ്രവൃത്തി പരിചയമുള്ളതും, മുൻവർഷങ്ങളിൽ മികച്ച റിസൽട്ട് സൃഷ്ടിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. സ്ഥാപനങ്ങളുടെ നിലവാരം തൃപ്തികരമല്ല എന്ന് വകുപ്പിന് ബോധ്യപ്പെടുന്ന പക്ഷം, അത്തരം സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങളും, മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

### മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായ പട്ടികയിൽ (ഒ.ബി.സി. ലിസ്റ്റ്) ഉൾപ്പെട്ട സമുദായാംഗം ആയിരിക്കണം.
2. അപേക്ഷകർ കേരളീയരായിരിക്കണം.
3. കുടുംബ വാർഷിക വരുമാന പരിധി ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ് | 2 ലക്ഷം രൂപ |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം രൂപ |
| GATE/MAT, UGC/NET/JRF | 2.5 ലക്ഷം രൂപ |

4. അംഗീകൃതവും, പ്രവൃത്തി പരിചയമുള്ളതുമായ സ്ഥാപനത്തിൽ നിലവിൽ പരിശീലനം നടത്തുന്നവരായിരിക്കണം.

5. Sunday/Holiday/Evening Batch/Short term batch (6 മാസത്തിൽ കുറഞ്ഞ കോഴ്സ് ദൈർഘ്യം) എന്നിവയിൽ പരിശീലനം നടത്തുന്നവർ അപേക്ഷിക്കേണ്ടതില്ല. ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും പരിശീലനം നടത്തുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.

6. ധനസഹായത്തിന്റെ നിരക്ക്

| പരിശീലന ഇനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് | ₹ 20000 | ₹ 1000 x 10 = 10000 | ₹ 30000 |
| സിവിൽ സർവ്വീസ് | ₹ 15000 | ₹ 1000 x 10 = 10000 | ₹ 25000 |
| ബാങ്കിങ് സർവ്വീസ് | ₹ 10000 | ₹ 1000 x 10 = 10000 | ₹ 20000 |
| GATE/MAT, UGC/NET/JRF | ₹ 15000 | ₹ 1000 x 10 = 10000 | ₹ 25000 |

7. അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം ലഭ്യമാകണമെന്നില്ല. അപേക്ഷകരുടെ എണ്ണം, നിശ്ചയിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ കൂടുതലായാൽ യോഗ്യതാ പരീക്ഷയിലെ ഉയർന്ന മാർക്കും, മാർക്ക് തുല്യമായാൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനവും അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.

8. വിധവകളുടെ മക്കൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരക രോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് 10% അധികരിയ്ക്കാത്ത തരത്തിൽ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിയ്ക്കുന്നതാണ്.

9. www.eep.bcdd.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന അപേക്ഷകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അവസാന തീയതി 31.10.2020 ആയിരിക്കും.

10. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റ് ഔട്ട് സൂക്ഷിക്കേണ്ടതും, സിസ്റ്റം ജനറേറ്റ് ചെയ്യുന്ന ആപ്ലിക്കേഷൻ നമ്പർ (EEP Number) തുടർന്നുള്ള അവശ്യങ്ങൾക്കായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

11. അപേക്ഷയിൽ സ്വന്തം ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

12. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം വരുമാനം രേഖപ്പെടുത്തേണ്ടത്. ടി വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പരും, തീയതിയും ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. വാർഷിക വരുമാനം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.

13. യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.

14. ഒരാൾക്ക് ഒരു വർഷം ഒരു കോഴ്സിനു മാത്രമേ ആനുകൂല്യം അനുവദിക്കൂ. ഒരു തവണ ആനുകൂല്യം ലഭിച്ചവർക്ക് അതേ പരിശീലനത്തിന് തുടർന്ന് ആനുകൂല്യം അനുവദിക്കുന്നതല്ല.
15. ന്യൂനപക്ഷ ക്ഷേമ വകുപ്പ്, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ തുടങ്ങിയ സർക്കാർ വകുപ്പ്/ഏജൻസികളിൽ നിന്നോ, കേന്ദ്രസാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിൽ നിന്നോ സൌജന്യ പരിശീലനം/ധനസഹായം ലഭ്യമാകുന്നവർ ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതില്ല.
16. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ നിർബന്ധമായും അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. രക്ഷിതാവിന്റെയോ, മറ്റുള്ളവരുടെയോ പേരിലുള്ള ബാങ്ക് അക്കൌണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. രേഖപ്പെടുത്തുന്ന അക്കൌണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കേണ്ടതാണ്.
17. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന ധനസഹായത്തിന് അപേക്ഷക്കുന്നവർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം. നിലവിൽ ഹയർ സെക്കന്ററി കോഴ്സിന് പഠിച്ചുകൊണ്ടിരിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ (2017-18, 2018-19, 2019-20) ഹയർ സെക്കന്ററി പരീക്ഷ 80 ശതമാനമോ അതിലധികമോ മാർക്കോടെ വിജയിച്ചിരിക്കണം.
18. സിവിൽ സർവ്വീസ് പരീക്ഷയുടെ പരിശീലനത്തിനുള്ള ധനസഹായം സർക്കാർ നിയന്ത്രണത്തിലുള്ള സിവിൽ സർവ്വീസ് അക്കാദമിയിലും, സംസ്ഥാനത്തിനകത്തെ പ്രശസ്ത സ്ഥാപനങ്ങളിലും പ്രവേശനം നേടിയവർക്ക് മാത്രം അനുവദിക്കുന്നതാണ്.
19. ബാങ്കിങ് സർവ്വീസ് പരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവർ കുറഞ്ഞത് 5 വർഷമെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും, രജിസ്ട്രേഷൻ ഉള്ളതും, പ്രതിവർഷം 50 പേരെയെങ്കിലും പരിശീലിപ്പിക്കുന്നതുമായ സ്ഥാപനത്തിൽ പഠിക്കുന്നവരായിരിക്കണം.
20. ഓരോ മത്സര പരീക്ഷയ്ക്കുമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, പ്രായപരിധിയും ഈ പദ്ധതിയ്ക്കും ബാധകമായിരിക്കും.
21. അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് മാർക്ക് ലിസ്റ്റോ/കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റോ ആണ് ഹാജരാക്കേണ്ടത്. മറിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് അല്ല.
22. അപേക്ഷകന്റെ ഫോട്ടോ പതിച്ച ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് (നിശ്ചിത സ്ഥാനത്ത് അപേക്ഷകൻ ഒപ്പ് വച്ചിരിക്കണം) ജാതി, വരുമാനം, SSLC, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും, ഓൺലൈനിൽ രേഖപ്പെടുത്തിയിരിക്കുന്ന മാർക്ക് ശതമാനം തെളിയിക്കുന്ന Mark List/Consolidated Mark List ന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത മാതൃകയിൽ പരിശീലന സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രം (മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു), സ്ഥാപനത്തിൽ ഫീസ് അടച്ച ഒറിജിനൽ രസീത്, ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, ആധാർ/റേഷൻ കാർഡ്-ന്റെ പകർപ്പ്, വിധവകളുടെ മക്കൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരക രോഗം ബാധിച്ച

രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ആയത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രം എന്നിവ ഓൺലൈൻ രജിസ്ട്രേഷൻ നടത്തി ഒരാഴ്ചയ്ക്കകം ചുവടെ രേഖപ്പെടുത്തും പ്രകാരമുള്ള മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ അപേക്ഷകർ | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അപേക്ഷകർ |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (രണ്ടാം നില) കാക്കനാട്,<br>എറണാകുളം – 682030<br>ഫോൺ/ഫാക്സ് : 0484-2429130<br>email: bcddekm@gmail.com | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (ഒന്നാം നില)<br>കോഴിക്കോട് - 673020<br>ഫോൺ : 0495-2377786<br>email: bcddkkd@gmail.com |

അപേക്ഷയും അനുബന്ധ രേഖകളും നൂൽ ഉപയോഗിച്ച് തുന്നികെട്ടി 32cm X 25cm വലിപ്പത്തിലുള്ള കവറിൽ അയക്കേണ്ടതാണ്. കവറിനു പുറത്ത് Application for Employability Enhancement Programme 2020-21 എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഈ പദ്ധതി സംബന്ധിച്ച എല്ലാ അറിയിപ്പുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
പി.ഐ. ശ്രീവിദ്യ ഐ.എ.എസ്
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

പകർപ്പ്:

1) ഗവ.പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
2) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
3) ഇൻഫർമേഷൻ ആഫീസർ, വെബ് ആന്റ് ന്യൂ മീഡിയ
4) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ. - എറണാകുളം / കോഴിക്കോട്
5) ഐ.ടി.ഡിവിഷൻ, പി.വി.വി.വ.
6) നോട്ടീസ് ബോർഡ്
7) കരുതൽ/അധികം

*ഉത്തരവിൻ പ്രകാരം*

Digitally signed by Sreejith P V
Date: 2020.09.28 07:46:12 +05'30'

*സീനിയർ സൂപ്രണ്ട്*

ഭരണഭാഷ – മാതൃഭാഷ

## സാക്ഷ്യപത്രം

..........................................................................................................................................................

.......................................................................................................................... (അപേക്ഷകന്റെ പേരും മേൽ വിലാസവും) എന്ന പരിശീലീനാർത്ഥി ................................... ജില്ലയിലെ ........................................... എന്ന സ്ഥാപനത്തിൽ Medical,Engg Entrance/Bank Clerk/Bank Probationary Officer/Civil Service/NET/UGC/JRF/GATE/MAT/NET* കോഴ്സിന് Sunday/Mon/Tue/Wed/Thur/Fri/Sat/Daily/ Evening/Holiday** ബാച്ചിൽ .................. തീയതി മുതൽ ചേർന്നിട്ടുണ്ട് എന്നും, കോഴ്സ് കാലാവധി പരമാവധി ......... മാസം ആണെന്നും, ടിയാൾ കൃത്യമായി ക്ലാസിൽ ഹാജരാകുന്നുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു. ഈ കോഴ്സിന്റെ ആകെ ഫീസ് ..................... രൂപയാണെന്നും, ഇതിനകം .......................... രൂപ ഫീസിനത്തിൽ ഈടാക്കിയിട്ടുണ്ടന്നും സാക്ഷ്യപ്പെടുത്തുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാക്കുന്നതിനായി ഈ സാക്ഷ്യപത്രം അനുവദിക്കുന്നു. സ്ഥാപനം ............. *** വർഷത്തിലേറെയായി പ്രവർത്തിക്കുന്നതാണെന്നുകൂടി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : സ്ഥാപന മേധാവിയുടെ പേരും

തീയതി : സീൽ ഒപ്പും മേൽവിലാസവും

* ഓൺലൈനിൽ രജിസ്റ്റർ ചെയ്തത് പ്രകാരം

**ബാധകമായത് ടിക് ചെയ്യുക

***എത്ര വർഷമെന്നത് എഴുതുക

ആഫീസ് മേധാവിയുടെ ഒപ്പും, സ്ഥാപനത്തിന്റെ സീലും പതിയ്ക്കാത്ത സാക്ഷ്യപത്രങ്ങൾ പരിഗണിക്കുന്നതല്ല

*സ്ഥാപന മേധാവിയുടെ ശ്രദ്ധയ്ക്ക് –*
*പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച്, ആവശ്യപ്പെടുന്ന പക്ഷം അഡ്മിഷൻ, അറ്റൻൻസ് സംബന്ധമായ രേഖകൾ പരിശോധനയ്ക്കായ് നൽകേണ്ടതാണ്.*